## 682

*രീതി: ദൈവമൈത്ര നല്ലവനാം*

1 അനുദിനവും പാലകനായരികിലുണ്ടെന്നേശുപരൻ
അവനിലത്രേ എന്നഭയം അവനെനിക്കായ് കരുതുന്നല്ലോ-

2 കഷ്ടതയിൽ കൈവിടാതെ തുഷ്ടിയേകി നടത്തുമെന്നെ
കരുമനകൾ വരികിലേശു അഭയമേകും അനുദിനവും

3 വന്ദ്യനവൻ നിന്ദിതനായ് കഠിനപീഡയേറ്റധികം
കുരിശിലേറി പാപികൾക്കായ് തിരുശരീരം യാഗമാക്കി-

4 ഉലകത്തിൽ സൽഭരണ കർത്താവായിടും ശ്രീയേശു നാഥൻ
സഹസ്രവർഷം തൻസവിധേ മരുവിടും നാം യെരുശലേമിൽ-

**K.J.S.**